(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ച നിലവാരത്തിലേയ്ക്ക് സംസ്ഥാന പാതകൾ ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനപാതകൾ എല്ലാംതന്നെ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്കർഷിച്ച പ്രകാരമുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 80% ത്തോളം സംസ്ഥാനപാതകൾ ബി.എം.&ബി.സി. നിലവാരത്തിലുള്ളവയാണ്. ശേഷിക്കുന്ന റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും വാഹനസാന്ദ്രത കണക്കിലെടുത്ത് സ്ഥല ലഭ്യത യ്ക്കനുസരിച്ച് സംസ്ഥാന പാതകൾ വീതികൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

താവുകുണ്ട് പോത്തുംകുന്ന് നടുവിൽ റോഡ് വീതി കൂട്ടൽ

38(2394) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ബൈപ്പാസ്സായി ഉൾപ്പെടുത്തിയിരുന്ന താവുകുണ്ട് പോത്തുംകുന്ന് നടുവിൽ റോഡ് വീതികൂട്ടി മെക്കാഡം ടാറിംഗ് നടത്തുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

നബാർഡ് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മലയോര ഹൈവേ പദ്ധതിയിൽ ഇതുകൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണിക്കുമോ?

വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ടി നിർദ്ദേശം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

റോഡ് ടാറിംഗിനുള്ള മെറ്റൽ സ്റ്റാക്കിംഗ്

39(2395) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടാറിംഗിനും കോൺക്രീറ്റിംഗിനും ആവശ്യമായ മെറ്റൽ സ്റ്റാക്ക് ചെയ്ത് റിപ്പോർട്ട് ചെയ്യുന്ന നിലവിലെ നടപടിക്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly